# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4409** | **17/05/2017-ൽ മറുപടിക്ക്**

### ഡ്രഗ്സ് കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് നടപടി

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ**<br>**,, വി.പി.സജീന്ദ്രൻ**<br>**,, എൽദോസ് കുന്നപ്പിള്ളി**<br>**,, സണ്ണി ജോസഫ്** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| **എ)** സംസ്ഥാനത്ത് നിലവിൽ എത്ര മെഡിക്കൽ സ്റ്റോറുകളുണ്ട്; | **എ)** സംസ്ഥാനത്ത് നിലവിൽ 19289 മൊത്ത/ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ നിലവിലുണ്ട്. |
| **ബി)** അവ പരിശോധിക്കുന്നതിനുള്ള ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിലെ നിലവിലുള്ള സംവിധാനം വ്യക്തമാക്കാമോ; | **ബി )** സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിലെ നിലവിലുള്ള പ്രവർത്തന സംവിധാനം താഴെ വിവരിക്കുന്ന രീതിയിലാണ്.<br>രണ്ടോ മൂന്നോ ജില്ലകൾ ചേർത്ത് ആറ് മേഖലകളായി തിരിച്ച് ഓരോ മേഖലയിലും അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ മേൽനോട്ടത്തിലാണ് ഡ്രഗ്സ് ഇൻസ്പെക്ടർമാർ പ്രവർത്തിക്കുന്നത്. ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ അധികാര പരിധിയിൽ വരുന്ന ഔഷധ വ്യാപാര സ്ഥാപനങ്ങൾ സ്ഥിരമായി പരിശോധിച്ച് അവലോകനം നടത്തി റിപ്പോർട്ട് അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർമാർക്ക് സമർപ്പിക്കുകയും, അപാകതകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. മരുന്നുകളുടെ ഷെൽഫ് ലൈഫിലുടനീളം അവയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിലേയ്ക്കായി സാമ്പിളുകൾ ശേഖരിക്കുകയും, നിയമം നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ചാണോ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെന്നും, മരുന്നുകൾക്ക് അമിത വില ഈടാക്കുന്നുണ്ടോയെന്നും, അനധികൃത പരസ്യങ്ങൾ തടയുന്നതിനുള്ള വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോയെന്നും പരിശോധിച്ച് ഉറപ്പുവരുത്തുക എന്നതാണ് |

എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രധാന ചുമതലകൾ. പ്രസ്തുത ചുമതലകൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് കാര്യക്ഷമമായി ചെയ്തുവരുന്നു..

**സി)** നിലവിലുള്ള സംവിധാനം മെഡിക്കൽ സ്റ്റോറുകളുടെ കാര്യക്ഷമമായ പരിശോധനയ്ക്ക് പര്യാപ്തമാണോ; അല്ലെങ്കിൽ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**സി)** നിലവിൽ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ 47 ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ സേവനം ലഭ്യമാണ്. ഇവരുടെ മേൽനോട്ടത്തിനായി ഏഴ് അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർമാരും രണ്ട് ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർമാരുമാണുള്ളത്. മരുന്നുകളുടെ നിർമ്മാണ വിതരണ വിപണനത്തെപ്പറ്റി വിലയിരുത്തുന്നതിലേയ്ക്കായി കേന്ദ്രസർക്കാർ നിയോഗിച്ചിട്ടുള്ള മഷേൽക്കർ കമ്മിറ്റി 2003-ൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം 200 സ്ഥാപനങ്ങൾക്ക് ഒരു ഡ്രഗ്സ് ഇൻസ്പെക്ടർ എന്ന അനുപാതമാണ് ശുപാർശ ചെയ്തിരിക്കുന്നത്. വകുപ്പുതലവനിൽ നിന്നും വ്യക്തമായ ശുപാർശ ലഭ്യമാകുന്ന മുറയ്ക്ക് ഡ്രഗ്സ് കൺട്രോൾ വിഭാഗത്തെ കൂടുതൽ ശക്തിപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**